# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4726 14.11.2019 ൽ മറുപടിക്ക്**

**പുനലൂർ-കോന്നി റീച്ചിന്റെ നിർമ്മാണക്കരാർ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പുനലൂർ മൂവാറ്റുപുഴ കെ.എസ്.ഡി.പി. പാതയിൽ പുനലൂർ-കോന്നി റീച്ചിന്റെ നിർമ്മാണക്കരാർ ആർക്കാണ് നൽകിയിട്ടുള്ളത്; | എ) പുനലൂർ മൂവാറ്റുപുഴ കെ.എസ്.റ്റി.പി പാതയിൽ പുനലൂർ-കോന്നി റീച്ചിന്റെ നിർമ്മാണക്കരാർ ഇതുവരെ നൽകിയിട്ടില്ല. |
| ബി) പ്രസ്തുത റോഡിന്റെ ടെൻഡറിൽ എത്ര കമ്പനികൾ പങ്കെടുത്തു; അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ഏത് കമ്പനിയാണ്; | ബി പ്രസ്തുത റോഡിന്റെ ടെൻഡറിൽ 5 കമ്പനികൾ പങ്കെടുത്തു. ആർ.ഡി.എസ്, സി.വി.സി.സി (ജോയിന്റ് വെഞ്ച്വർ) കമ്പനിയാണ് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത്. |
| സി) പാലാരിവട്ടം പാലം നിർമ്മിച്ച് വിവാദമായ ആർ.ഡി.എസ്. പ്രോജക്ട് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തിരുന്നോ; എങ്കിൽ അവരെ ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) ആർ.ഡി.എസ് പ്രോജക്ട്.സി.വി.സി.സി എന്ന കമ്പനിയുമായി ജോയിന്റ് വെഞ്ച്വറായി ടെണ്ടറിൽ പങ്കെടുത്തിരുന്നു. അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ